**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6457** **10-07-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ നഗറുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ നഗറുകളായ കടപ്ലാമറ്റം പഞ്ചായത്തിലെ ഇലയ്ക്കാട്, ഉഴവൂർ പഞ്ചായത്തിലെ ആച്ചിക്കൽ, കടുത്തുരുത്തി പഞ്ചായത്തിലെ നഗറുകൾ, മാഞ്ഞൂർ പഞ്ചായത്തിലെ നഗറുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | കടപ്ലാമറ്റം പഞ്ചായത്തിലെ ഇലയ്ക്കാട് നഗറിനെ 2012 - 13 വർഷത്തെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. കടുത്തുരുത്തി പഞ്ചായത്തിലെ കുറ്റിക്കാല നഗർ, അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പൂർത്തീകരണ ഘട്ടത്തിലാണ്. ഉഴവൂർ പഞ്ചായത്തിലെ ആച്ചിക്കൽ നഗറിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. 2023 - 24 വർഷം - ശിപാർശ ചെയ്തത് നൽകിയ ആയാം കുടി നാല് സെന്റ് (ശ്രീചിത്ര നഗർ), മധുരവേലി, ഐ.റ്റി.ഐ നഗർ എന്നിവയെ 2023-24 അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ തദ്ദേശസ്ഥാപനങ്ങളിലെ എസ് സി പി ഫണ്ട് വിനിയോഗിച്ചുകൊണ്ട് ഇലയ്ക്കാട് നഗറിൽ സ്ഥിതി ചെയ്യുന്ന ഗവൺമെന്റ് മോഡൽ പ്രീ സ്കൂളിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി ഹാളിന്റെ നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു. കൂടാതെ എസ് സി പി ഫണ്ട് ഉപയോഗിച്ച് ആച്ചിക്കൽ നഗറിലേയും മാഞ്ഞൂർ പഞ്ചായത്തിലെ വിവിധ നഗറുകളിലേയും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിലെ നഗറുകളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത നഗറുകളുടെ വികസനം സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ സ്ഥലം | (സി) | മറുപടി നൽകിയിട്ടുണ്ട്. 2023-24 അംബേദ്കർ ഗ്രാമ പദ്ധതിയിലുൾപ്പെട്ട മധുരവേലി ഐ.റ്റി.ഐ നഗറിലെ |

| | | | |
|---|---|---|---|
| | എം.എൽ.എ.യ്ക്ക് മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | | വീട് മെയിന്റനൻസിന് ഓണർഷിപ്പ് സ്വന്തം പേരിൽ അല്ലാത്ത ഗുണഭോക്താക്കൾക്ക് മെയിന്റനൻസ് ഗ്രാന്റ് നൽകണമെന്നത് സംബന്ധിച്ചായിരുന്നു നിവേദനം. ഈ വിഷയത്തിൽ താമസിക്കുന്ന വീടിന്റെ ഓണർഷിപ്പ് സ്വന്തം പേരിലേക്ക് ആക്കുന്നതിനുള്ള സമയപരിധി എം.എൽ.എ യുടെ നിർദ്ദേശ പ്രകാരം ഒരു മാസം കൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ